സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

തിരുവിതാംകൂർ ദേവസ്വം ബോർഡ് – ദേശീയ പെൻഷൻ പദ്ധതി – കുടിശ്ശിക ഈടാക്കുന്നത് – വിരമിക്കൽ പ്രായം എന്നിവ സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: **ROC No. 145/13/Est-1(ii)** നന്തൻകോട് **09/06/2023**

---

പരാമർശം ഃ– 1) 05–02–2018 ലെ ROC No. 145/13/Est-1 നമ്പർ ഉത്തരവ്.

2) 28–12–2022 ലെ ROC No. 145/13/Est-1 നമ്പർ ഉത്തരവ്.

3) ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ 24–03–2023 ലെ DA 874/16/E-1/B-2/NPS നമ്പർ റിപ്പോർട്ട്.

4) ദേവസ്വം കമ്മീഷണറുടെ 09–05–2023 ലെ ROC 02/10/P&SGRC നമ്പർ റിപ്പോർട്ട്.

## ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡിൽ 01–04–2013 മുതൽ സർവ്വീസിൽ പ്രവേശിച്ചവർക്ക് ദേശീയ പെൻഷൻ പദ്ധതി ബാധകമാക്കി പരാമർശം (1) ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

ദേശീയ പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും 01–04–2013 മുതലുള്ള കുടിശ്ശിക തുക 36 തുല്യഗഡുക്കളായി 04/2023 മുതലുള്ള ശമ്പളത്തിൽ നിന്നും പിടുത്തം വരുത്തുന്നതിന് പരാമർശം (2) ഉത്തരവിൽ നിർദ്ദേശിച്ചിരുന്നു.

സർക്കാരിന്റെ 30–09–2019 ലെ സ.ഉ(അച്ചടി) നം. 132/2019/ധന ഉത്തരവിൽ പങ്കാളിത്ത പെൻഷനിൽ കുടിശ്ശിക അടയ്ക്കുവാനുള്ള പക്ഷം പരമാവധി 60 തവണകളായി നിജപ്പെടുത്തിയിട്ടുള്ളതിനാൽ പരാമർശം (2) ഉത്തരവിൽ ഭേദഗതി വരുത്താവുന്നതാണെന്ന് വിവരിച്ച് ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ റിപ്പോർട്ട് ലഭിച്ചു (പരാമർശം –3).

ടി വിഷയത്തിൽ ലഭ്യമായ ദേവസ്വം കമ്മീഷണറുടെ റിപ്പോർട്ടിൽ ദേശീയ പെൻഷൻ പദ്ധതി കുടിശ്ശിക തുക 60 തുല്യ ഗഡുക്കളായി പിടുത്തം വരുത്തുന്നതിൽ അപാകതയില്ലെന്നും കുടിശ്ശിക തുക 60 തുല്യ ഗഡുക്കളായി പിടുത്തം വരുത്തുന്നത് സംബന്ധിച്ചും കൂടാതെ ദേശീയ പെൻഷൻ പദ്ധതിയിൽ അംഗമാകുന്ന ജീവനക്കാരുടെ വിരമിക്കൽ പ്രായം 60 ആക്കിയും ഉത്തരവുണ്ടാകണമെന്നും വിവരിച്ചിട്ടുള്ളതാണ് (പരാമർശം –4).

(മറുപുറം)

ടി വിഷയം ബോർഡ് പരിശോധിച്ചു.

ആയതിന്റെ അടിസ്ഥാനത്തിൽ ചുവടെ വിവരിക്കും പ്രകാരം ഉത്തരവാകുന്നു.

പരാമർശം (2) ഉത്തരവിലെ ദേശീയ പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട ജീവനക്കാരുടെ 01–04–2013 മുതലുള്ള കുടിശ്ശിക തുക 36 തുല്യ ഗഡുക്കളായി പിടുത്തം വരുത്തേണ്ടതാണെന്ന നിർദ്ദേശം ഭേദഗതി ചെയ്ത് കുടിശ്ശിക തുക 60 തുല്യ ഗഡുക്കളായി ഈടാക്കുന്നതിന് അനുവദിച്ച് ഉത്തരവാകുന്നു.

ദേശീയ പെൻഷൻ പദ്ധതിയിൽ അംഗമാകുന്ന ജീവനക്കാരുടെ വിരമിക്കൽ പ്രായം 60 ആക്കിയും ഉത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനു വേണ്ടി

സെക്രട്ടറി

അസിസ്റ്റന്റ് സെക്രട്ടറി, 'സി' സെക്ഷൻ
(ഇൻ അഡീഷണൽ ചാർജ്ജ്)

പകർപ്പ് :–

1. എല്ലാ ഡിപ്പാർട്ട്മെന്റ്/ആഫീസ് മേധാവികൾക്കും
2. ഐ.റ്റി. ഡിവിഷൻ
3. സെക്ഷൻ ഫയൽ
4. ഫയൽ ബുക്ക്
5. ഫെയർ ആഫീസ് കോപ്പി

SK